# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 426 27.09.2016-ൽ മറുപടിയ്ക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ആന്റണി ജോൺ**<br>**ശ്രീ. ഒ. ആർ. കേളു**<br>**ശ്രീ. എ. പ്രദീപ്കുമാർ**<br>**ശ്രീ. സി.കെ. ഹരീന്ദ്രൻ:** | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി ഇതുവരെ ചെയ്തിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;<br><br>(സി) സംസ്ഥാനത്ത് ഇതുവരെ വൈദ്യുതി എത്താത്ത എത്ര വീടുകൾ ഉണ്ടെന്നതിന്റെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;<br><br>(ഡി) പദ്ധതിയുടെ ഭാഗമായി വൈദ്യുതി ലഭിക്കാത്തവരുടെ പട്ടിക തയ്യാറാക്കാനും ലൈൻ സ്ഥാപിക്കാനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാ | (എ )<br>(ബി)<br>(സി)<br>&<br>(ഡി) | ഉണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികളെക്കുറിച്ചുള്ള വിവരങ്ങൾ കെ. എസ്. ഇ.ബി. ലിമിറ്റഡിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിച്ചതിനു പുറമേ ഇതു സംബന്ധിച്ച് മാധ്യമങ്ങൾ മുഖേനയും ഉദ്യോഗസ്ഥർ വഴി നേരിട്ടും പ്രചരണം നൽകിയിരുന്നു. ലളിതമായ ഒരു ഫോറം മുഖേനയും 9496018640 എന്ന നമ്പറിലേക്ക് മിസ്ഡ് കോൾ വഴിയും വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ വിവരം ശേഖരിക്കുന്നതിനായുള്ള സംവിധാനവും കെ.എസ്.ഇ.ബി.എൽ ഏർപ്പെടുത്തിയിരുന്നു. ഇത്തരത്തിൽ ലഭിച്ച അപേക്ഷകൾക്കു പുറമേ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കൈവശം നിലവിലുള്ള വിവരങ്ങളും വിവിധ വകുപ്പുകളുടെ സഹായത്തോടെ പുതുതായി ശേഖരിച്ച വിവരവും ഉപയോഗിച്ച് ഉപഭോക്താക്കളുടെ കരട് പട്ടിക 09.09.2016ന് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ചൂണ്ടിക്കാണിക്കപ്പെടുന്നപിഴവുകൾ ഒഴിവാക്കിയും വിട്ടുപോയിട്ടുള്ള ഉപഭോക്താക്കളെ ഉൾക്കൊള്ളിച്ചുമുള്ള അന്തിമ പട്ടിക 2016 |

ക്കുന്നതിനുമുള്ള നടപടികൾ ആരം ഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സെപ്റ്റംബർ അവസാനത്തോടെ പ്രസിദ്ധീകരിക്കുന്നതാണ്. 19.9.2016 ലെ കണക്കനുസരിച്ച് 107153 ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ രജിസ്റ്റർ ചെയ്യപ്പെട്ടവ-107153

എസ് സി വിഭാഗത്തിലുള്ളവ- 32541

എസ് റ്റി വിഭാഗത്തിലുള്ളവ- 17576

പദ്ധതി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് 2016 സെപ്റ്റംബർ അവസാനത്തോടുകൂടി തയ്യാറാക്കാനും പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനുമാണ് ലക്ഷ്യമിടുന്നത്.

Hemalatha

**സെക്ഷൻ ഓഫീസർ**